# മറയ്ക്കപ്പെട്ട കണ്ണൂർ

**സി. നാരായണൻ**

കണ്ണൂരിന് ഇന്ന് നാനാർത്ഥമുണ്ട്. നന്മ, നിഷ്ഠുരത എന്നിവ. എല്ലാ അർത്ഥത്തിലും സ്വഭാവത്തിന്റെ രണ്ട് വിരുദ്ധ അറ്റങ്ങൾ. മാധ്യമങ്ങളിലൂടെ അറിയുന്നവർ. കണ്ണൂർക്കാരനെ കണ്ടാൽ കളിയാക്കാതെ വിടില്ല. അടുത്തിടപഴകിയവർക്കു മാത്രമറിയാം ഈ പൊതിയാത്തേങ്ങയുടെ അകത്തളം.

കണ്ണൂരിനെപ്പറ്റി പറയുമ്പോൾ പലരും എളുപ്പത്തിൽ നരവംശശാസ്ത്രജ്ഞരും സൈക്കോളജിസ്റ്റുകളും കവികളുമായി മാറും. അവരിൽചിലർ പറയും : ചേകവരുടെ നാടാണ് കണ്ണൂർ. അവരുടെ പാരമ്പര്യം - ചത്തും കൊന്നും നേടുക - ആണ് അവിടത്തുകാരുടേത്. രക്തത്തിൽ ചേകവരുടെ ജനിതകം. മനസ്സിൽ പോരിന്റെ വീര്യം. കണ്ണൂർ ഒരു കണ്ണീരായെന്ന കവികളും. കാടടച്ച് വെടിവെച്ചാൽ കുറച്ചെണ്ണത്തിന് കൊള്ളാതിരിക്കില്ല. പക്ഷെ ചത്തുവീഴുന്നവർ അപരാധികൾ മാത്രമാവില്ലല്ലോ. കണ്ണൂർ ഒരു വലിയ സമൂഹമാണ്. നിഷ്ഠുരതയുടെ പഴി കേൾപ്പിക്കുന്നതാവട്ടെ തെക്കുകിഴക്കേ ഭാഗത്തെ രണ്ടുമൂന്ന പഞ്ചായത്തുകളും. ബാക്കിയിടത്തില്ല ചോരപ്പക. ഞാൻ കണ്ടിട്ടില്ല ഇന്നേവരെ, ഒരു ബോംബ്, ചോരപുരണ്ട ഒരു കഠാര, ഒരു വടിവാൾ. എവിടെയാണീ ചേകവരുടെ സന്തതികൾ. ശാസ്ത്രജ്ഞർ പറയുന്നില്ല. അടുത്തിടെ അന്തരിച്ച ഒരു മുൻ മന്ത്രി ഒരിക്കൽ ഒരു ദുർഭൂതത്തിന്റെ കഥ പറഞ്ഞു. കമ്മ്യൂണിസ്റ്റ് വിരോധം ആശയമാക്കിയ അനുയായികൾ 70 കളുടെ അവസാനത്തിൽ നേതാവിനെ വിട്ട് ബി.ജെ.പിയിലും മറ്റു ചിലേടത്തും ചേക്കേറിയത്. രാഷ്ട്രീയ കാലങ്ങൾക്ക് മാറ്റം വന്ന, പക്ഷേ പഴയ കമ്മ്യൂണിസ്റ്റ് വിരുദ്ധ മിലിട്ടൻസി മാത്രം അവർ പുതിയവരിലേക്ക് പകർന്നത് പാവം ചേകവനല്ല.

**കണ്ണൂർ?**

പാനൂരിന്റെ രാഷ്ട്രീയം ചോര ചാറിക്കുന്നത്, പഴയ പരിശീലന പദ്ധതി പുതിയ അനുയായികൾ വെടിയാത്തതാണ്.

വലിയ പാർട്ടിയിലെ ന്യൂനപക്ഷവും ചെറിയ പാർട്ടിയിലെ ഭൂരിപക്ഷവും തമ്മിൽ തുടരുന്ന സായുധ കലാപത്തിൽ ഈ ബഹുജനത്തിന് പങ്കൊന്നുമില്ല. പകതീർക്കാൻ ഇളക്കിവിടുന്ന നേതാക്കൾക്കുമുന്നിൽ ഈയാംപാറ്റകളായി മാറുന്ന കുറേ പാവം മനുഷ്യർ.

എന്തെങ്കിലും ഒന്നിനോടുള്ള അമിതമായ ആരാധന മനുഷ്യനെ വല്ലാതെ അപകടകാരിയാക്കും. ആരാധന രാഷ്ട്രീയത്തോടാകുമ്പോൾ കൂട്ടായ്മയുടെ സുരക്ഷിതത്വവും വന്നുചേരും. നേതാക്കൾ പറഞ്ഞാലും, സ്വന്തം നിലയിലും ആജ്ഞാപിക്കുന്നതെന്തും മനുഷ്യൻ ചെയ്യും. തല്ലുന്നതും കൊല്ലുന്നതും പ്രസ്ഥാനത്തിനാണ് എന്നത് കുറ്റബോധത്തിൽ നിന്നും മനുഷ്യനെ സ്വതന്ത്രനാക്കുന്നു. ആരാധന കുറയുമ്പോൾ കൂട്ടായ്മയും കുറയും. പ്രവർത്തനത്തിന്റെ തീവ്രതയും പോകും. കണ്ണൂരിന്റെ രാഷ്ട്രീയത്തിൽ ഇപ്പോഴും ഇതു സങ്കല്പിക്കാനാവില്ല, രാഷ്ട്രീയമായ ആത്മാർത്ഥത തെക്കുനിന്നിങ്ങോട്ടു നശിച്ചുവരുമ്പോഴും കണ്ണൂർക്കാർക്ക് ആശയങ്ങൾ ഇപ്പോഴും ഒബ്സഷനായി നിൽക്കുന്നു, ആത്മാർത്ഥത വഴിനടക്കുമ്പോൾ.

ഒരാൾക്ക് എത്ര ക്രൂരനാകാൻ കഴിയുമോ അത്രതന്നെ സ്നേഹസമ്പന്നനാകാനും കഴിയും എന്ന് കാണിച്ചുതരുന്ന ലോകമാണ് കണ്ണൂരിന്റേത്. വംശനാശം നേരിടുന്ന ഒരു പറ്റം സത്ശീലങ്ങൾ ഇന്നു വിളയുന്നുണ്ടിവിടെ. അത് കാണേണ്ട മാദ്ധ്യമങ്ങൾ ചുരത്തുന്ന വലിയ വാർത്തകളിൽ ഒരു ജില്ല മുഴുവൻ ചാട്ടവാറടി നേടിരുമ്പോൾ ഒരു സത്യം മരിക്കുന്നുണ്ട്. ആയുധങ്ങൾ മനുഷ്യമാംസത്തിൽ ആർന്നിറങ്ങുമ്പോൾ ഉയർത്തിവരുന്ന മറ്റൊരു യാഥാർത്ഥ്യവുമുണ്ട്.